**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3108** **13-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ പാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തലപ്പാടി മുതൽ നിർമ്മിക്കുന്ന ദേശീയ പാതയുടെ ഡി.പി.ആർ. തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും ഏത് വർഷമാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | ദേശീയപാത 66 ന്റെ തലപ്പാടി മുതൽ നിർമ്മാണം പുരോഗമിക്കുന്ന സ്ട്രെച്ചുകളിൽ തലപ്പാടി മുതൽ വെങ്ങളം വരെയുള്ള സ്ട്രെച്ചുകളുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയത് 2016 – 2021 കാലയളവിൽ M/s AECOM Asia Co. Ltd എന്ന ഏജൻസിയാണ്. രാമനാട്ടുകര മുതൽ ഇടപ്പള്ളി വരെയുള്ള സ്ട്രെച്ചുകളുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയത് 2016 – 2020 കാലയളവിൽ M/s Feedback Infra Pvt. Ltd. എന്ന ഏജൻസിയാണ്. തുറവൂർ മുതൽ കഴക്കൂട്ടം വരെയുള്ള സ്ട്രെച്ചുകളിൽ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയത് 2016 -2021 കാലയളവിൽ M/s SMEC India Pvt. Ltd. എന്ന ഏജൻസിയാണ്. അരൂർ തുറവൂർ സ്ട്രെച്ചിന്റെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി വരുന്നത് M/s Highway Engineering Consultant എന്ന ഏജൻസിയാണ്. DPR തയ്യാറാക്കൽ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>തയ്യാറാക്കിയ ഡി.പി.ആർ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുമായി നിരവധി യോഗങ്ങൾ നടത്തിയിട്ടുണ്ട്. മാത്രമല്ല alignment plan, drainage plan എന്നിവയുടെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡി.പി.ആർ. സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ദേശീയപാത 66 ന്റെ തലപ്പാടി മുതൽ നിർമ്മാണം പുരോഗമിക്കുന്ന സ്ട്രെച്ചുകളിൽ തലപ്പാടി മുതൽ വെങ്ങളം വരെയുള്ള സ്ട്രെച്ചുകളുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയത് 2016 – 2021 കാലയളവിൽ M/s AECOM Asia Co. Ltd എന്ന ഏജൻസിയാണ്. രാമനാട്ടുകര മുതൽ ഇടപ്പള്ളി വരെയുള്ള സ്ട്രെച്ചുകളുടെ വിശദമായ പദ്ധതി രേഖ |

| | | | |
|---|---|---|---|
| | | | (DPR) തയ്യാറാക്കിയത് 2016 – 2020 കാലയളവിൽ M/s Feedback Infra Pvt. Ltd. എന്ന ഏജൻസിയാണ്. തുറവൂർ മുതൽ കഴക്കൂട്ടം വരെയുള്ള സ്ട്രെച്ചുകളിൽ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയത് 2016 -2021 കാലയളവിൽ M/s SMEC India Pvt. Ltd. എന്ന ഏജൻസിയാണ്. അരൂർ തുറവൂർ സ്ട്രെച്ചിന്റെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി വരുന്നത് M/s Highway Engineering Consultant എന്ന ഏജൻസിയാണ്. DPR തയ്യാറാക്കൽ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>തയ്യാറാക്കിയ ഡി.പി.ആർ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുമായി നിരവധി യോഗങ്ങൾ നടത്തിയിട്ടുണ്ട്. മാത്രമല്ല alignment plan, drainage plan എന്നിവയുടെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. |
| (സി) | ദേശീയ പാത വികസനത്തിന്റെ ഭാഗമായി മരങ്ങൾ മുറിച്ച് മാറ്റപ്പെടുന്നതിലൂടെയും പാടങ്ങൾ നികത്തപ്പെടുന്നതിലൂടെയും നഷ്ടപ്പെടുന്ന പ്രകൃതി സമ്പത്ത് വീണ്ടെടുക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ദേശീയപാത വികസനത്തിന്റെ ഭാഗമായി മുറിച്ച് മാറ്റപ്പെടുന്ന മരങ്ങളുടെ എണ്ണത്തിന്റെ 10 ഇരട്ടി മരങ്ങൾ 'Compensatory Afforestation' പദ്ധതിയിലൂടെ വച്ചുപിടിപ്പിക്കുന്നു. നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് വനംവകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. വികസനത്തിനായി മരങ്ങൾ മുറിച്ച് മാറ്റപ്പെടുന്നത് മൂലം പരിസ്ഥിതിക്ക് ഉണ്ടാകുന്ന ആഘാതത്തിന് ഇതിലൂടെ പരിഹാരം കാണാനാകും. |
| (ഡി) | ദേശീയ പാത വികസനത്തിന്റെ ഭാഗമായി ഹൈവേ ഉയർത്തപ്പെടുമ്പോഴും ഇരു ഭാഗത്തും കോൺഗ്രീറ്റ് മതിലുകൾ കെട്ടിപ്പൊക്കുമ്പോഴും നാട് വെട്ടിമുറിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ആലോചിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ഭാരത മാല പരിയോജന ഫേസ്-1 (Economic Corridor) പദ്ധതിയിൽ നിർമ്മിക്കപ്പെടുന്ന ദേശീയപാത 66-ന്റെ പ്രധാന പാതയിലേക്കുള്ള പ്രവേശനവും ബഹിർഗമനവും പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രധാനപാതയുടെ ഇരുവശങ്ങളിലും 6.5 – 7.0 മീറ്റർ വീതിയുള്ള സർവ്വീസ് റോഡുകൾ നൽകുന്നതിനൊപ്പം പ്രധാന സ്ഥലങ്ങളിൽ അണ്ടർപാസ്/ഫ്ലൈ ഓവർ എന്നിവയും നിർമ്മിക്കാറുണ്ട്. സർവ്വീസ് റോഡുകളും അണ്ടർപാസുകളും യഥോചിതം ഉപയോഗപ്പെടുത്തി വാഹനങ്ങൾക്ക് റോഡ് മുറിച്ച് കടക്കാവുന്നതാണ്. കൂടാതെ പൊതുജനങ്ങളുടെ ആവശ്യപ്രകാരം അധികമായി അണ്ടർ പാസുകൾ, ഫുട് ഓവർ ബ്രിഡ്ജുകൾ എന്നിവ നിർമ്മിക്കുന്നതും ദേശീയപാത അതോറിറ്റി പരിഗണിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ